നമ്പർ. എൻ.ഇ.പി (3)/56292../ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.

തീയതി: ..11.10.2018

## സർക്കുലർ

**വിഷയം:- പൊതുവിദ്യാഭ്യാസം - ഉപജില്ല/റവന്യൂ ജില്ലാതലങ്ങളിൽ ഐ.ടി മത്സരങ്ങൾ സംഘടിപ്പിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19.09.2017-ലെ എൻ.ഇ.പി-3/69091/2017/ ഡിപിഐ നമ്പർ സർക്കുലർ.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27.09.2018-ലെ വൈ1/54164/2018/ ഡിപിഐ നമ്പർ സർക്കുലർ.

വിവരവിനിമയ സാങ്കേതികവിദ്യയുടെ ബഹുമുഖമായ സാധ്യതകൾ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികൾ മത്സരബുദ്ധിയോടെ ഉപയോഗപ്പെടുത്തുന്നതിനും ഐസിടി രംഗത്ത് ബഹുമുഖ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുമായി പൊതുവിദ്യാഭ്യാസ വകുപ്പ് വർഷംതോറും സ്കൂൾ ഐടി മേള സംഘടിപ്പിച്ചുവരുന്നു. 2018-19-ലെ ശാസ്ത്ര-ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര മത്സരങ്ങൾ നടത്തുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ സൂചന 2 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സൂചന സർക്കുലറുകളെ അടിസ്ഥാനമാക്കി ഉപജില്ലാ/റവന്യൂജില്ലാ തലത്തിൽ നടത്തേണ്ട ഐടി മത്സരങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന സംസ്ഥാനത്തെ സർക്കാർ/ എയിഡഡ്/അംഗീകൃത അൺഎയിഡഡ് സ്കൂളുകളിലെ അപ്പർപ്രൈമറി സ്കൂൾ, ഹൈസ്കൂൾ, ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗങ്ങളിലെ കുട്ടികൾക്ക് ഐടി മത്സരങ്ങളിൽ പങ്കെടുക്കാം.
2. ഉപജില്ലാ/റവന്യൂജില്ലാ തലങ്ങളിലുള്ള ഐ.ടി മത്സരങ്ങൾ ശാസ്ത്ര-ഗണിത ശാസ്ത്ര, സാമൂഹ്യശാസ്ത്രമേളയോടൊപ്പമാണ് നടത്തേണ്ടത്.
3. അപ്പർപ്രൈമറി സ്കൂൾതലം വരെയുള്ള വിദ്യാർത്ഥികൾക്ക് സ്കൂൾതലത്തിൽ മാത്രം മത്സരങ്ങൾ നടത്തേണ്ടതാണ് (ഇവർക്ക് ഉപജില്ലാ, ജില്ലാതലമത്സരങ്ങൾ ഈ വർഷം ഉണ്ടായിരിക്കുന്നതല്ല).
4. സ്കൂൾ, ഉപജില്ലാതലമത്സരങ്ങൾ ഒരുദിവസം കൊണ്ടും റവന്യൂ ജില്ലാതലമത്സരം രണ്ടുദിവസം കൊണ്ടും പൂർത്തിയാക്കേണ്ടതാണ്.
5. ഉപജില്ലാതല മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്ക് റവന്യൂ ജില്ലാതലത്തിലും റവന്യൂ ജില്ലാതലത്തിൽ ഒന്നും രണ്ടും സ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാനതലത്തിലുമുള്ള മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് അർഹതയുണ്ടായിരിക്കും.
6. സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിതമായാണ് എല്ലാ മത്സരങ്ങളും നടത്തേണ്ടത്.
7. അപ്പർപ്രൈമറി സ്കൂൾ (സ്കൂൾതലം), ഹൈസ്കൂൾ, ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഓരോ ഇനത്തിലും വെവ്വേറെ മത്സരങ്ങൾ നടത്തേണ്ടതാണ്.
8. വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം വിദ്യാർത്ഥികൾ ഹയർസെക്കന്ററി വിഭാഗത്തിലാണ് മത്സരിക്കേണ്ടത്.
9. ഒരു സ്കൂളിൽ നിന്ന് ഓരോ വിഭാഗത്തിലേയും (HS, HSS/VHSS) ഓരോ ഇനത്തിലും ഒന്നാം സ്ഥാനം നേടുന്ന ഓരോ കുട്ടിയെ വീതം ഉപജില്ലാതല മത്സരങ്ങളിൽ പങ്കെടുപ്പിക്കാവുന്നതാണ്.

1 **ഡിജിറ്റൽ പെയിന്റിംഗ്**

I) ഡിജിറ്റൽ പെയിന്റിംഗ് മത്സരം ഹൈസ്കൂൾ, ഹയർസെക്കന്ററി എന്നീ രണ്ടു വിഭാഗങ്ങൾക്കും ഉണ്ടായിരിക്കും.

II) XPaint, GIMP, Kolour Paint ഇവയിൽ ഏതെങ്കിലും ഒരു സോഫ്റ്റ്വെയർ ആയിരിക്കണം ഉപയോഗിക്കേണ്ടത്.

III) ഡിജിറ്റൽ പെയിന്റിംഗ് മത്സരത്തിന്റെ വിഷയം (ആശയം) മത്സരം ആരംഭിക്കുന്നതിന് പത്ത് മിനിട്ട് മുമ്പായി പങ്കെടുക്കുന്നവർക്ക് നൽകുന്നതാണ്.

IV) മത്സരത്തിന്റെ സമയദൈർഘ്യം പരമാവധി ഒരു മണിക്കൂർ ആയിരിക്കും.

2 **മൾട്ടിമീഡിയ പ്രസന്റേഷൻ**

i) മൾട്ടിമീഡിയ പ്രസന്റേഷൻ മത്സരം ഹൈസ്കൂൾ, ഹയർസെക്കന്ററി വിഭാഗങ്ങൾക്ക് മാത്രമായിരിക്കും.

ii) LibreOffice Impress സോഫ്റ്റ്വെയറാണ് മത്സരത്തിനായി ഉപയോഗിക്കേണ്ടത്.

iii) മൾട്ടിമീഡിയ പ്രസന്റേഷൻ മത്സരത്തിന്റെ വിഷയം മത്സരം ആരംഭിക്കുന്നതിന് പത്ത് മിനിട്ട് മുമ്പായി പങ്കെടുക്കുന്നവർക്ക് നൽകുന്നതാണ്.

iv മത്സരത്തിന്റെ സമയദൈർഘ്യം പരമാവധി ഒരു മണിക്കൂർ ആയിരിക്കും

3 **വെബ്പേജ് തയ്യാറാക്കൽ**

i) വെബ്പേജ് തയ്യാറാക്കൽ മത്സരം ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങൾക്ക് മാത്രമായിരിക്കും.

ii) HTML ഉപയോഗിച്ചായിരിക്കണം വെബ്പേജ് തയ്യാറാക്കേണ്ടത്.

iii) CSS ഉപയോഗിക്കാവുന്നതാണ്. എന്നാൽ ജാവ സ്ക്രിപ്റ്റ് പോലുള്ള പ്രോഗ്രാമിംഗ് ഭാഷകൾ അനുവദനീയമല്ല.

iv) വെബ്പേജ് തയ്യാറാക്കൽ മത്സരത്തിന്റെ വിഷയം മത്സരം ആരംഭിക്കുന്നതിന് പത്ത് മിനിട്ട് മുമ്പായി പങ്കെടുക്കുന്നവർക്ക് നൽകുന്നതാണ്.

v) മത്സരത്തിന്റെ സമയദൈർഘ്യം പരമാവധി ഒരു മണിക്കൂർ ആയിരിക്കും.

4 **മലയാളം ടൈപ്പിംഗ്**

i) മലയാളം ടൈപ്പിംഗ് മത്സരം ഹൈസ്കൂൾ, ഹയർസെക്കന്ററി എന്നീ രണ്ട് വിഭാഗങ്ങൾക്കും ഉണ്ടായിരിക്കും.

ii) മത്സരത്തിന്റെ സമയദൈർഘ്യം പരമാവധി 15 മിനിട്ട് ആയിരിക്കും.

iii) അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ഡിജിറ്റൽ രൂപത്തിൽ നൽകുന്ന മലയാളം ഖണ്ഡിക ടൈപ്പ് ചെയ്ത് മാതൃകയിലേതുപോലെ ക്രമീകരിക്കണം.

iv) മൂല്യനിർണ്ണയം ഒരു സോഫ്റ്റ്വെയറിന്റെ സഹായത്താലോ അല്ലാതെയോ നടത്തപ്പെടുന്നതാണ്.

5. **ഐ.ടി പ്രോജക്ട്**

i) ഐ.ടി പ്രോജക്ട് മത്സരം ഹൈസ്കൂൾ വിഭാഗത്തിനു മാത്രമായിരിക്കും.

ii) ഐ.ടി പ്രോജക്ട് മത്സരം വ്യക്തിഗതമായിരിക്കണം

iii) ഹൈസ്കൂൾതല ഐ.ടി പാഠപുസ്തകത്തിൽ പ്രതിപാദിക്കുന്ന ഏതെങ്കിലും വിഷയമോ സാമൂഹ്യ പ്രസക്തിയുള്ള മറ്റേതെങ്കിലും വിഷയമോ തെരഞ്ഞെടുത്ത് പ്രോജക്ട് തയ്യാറാക്കേണ്ടതാണ്.

iv) ഐ.ടി നൈപുണികളുടെ പ്രയോഗസാധ്യതയുള്ള വിഷയത്തിന് മുൻഗണന ലഭിക്കുന്നതാണ്.

# EVALUATION SCHEME FOR IT COMPETITIONS

Evaluation process for IT competitions is done in the same way of Science Competitions. Maximum score for each item is hundred. Equal weightage may be given for each aspect.

***Aspects to be considered:***

## I. Digital Painting

1) Whether the  work matches the theme given for painting.
2) Effective use of graphic tools. Variety and need based selection of tools.
3) Richness of the colouring and composition. Finishing and total effect of the painting.
4) Painting skills like figure, rhythm, combination, balance, Naturally Perspective perfection.

## II. Multimedia Presentation

1) Whether the work matches the theme given for presentation.
2) Design and total look of the slides. Selection of layout, totality of language and its make up. Flow of ideas and other communicative skills for the effectiveness of presentation.
3) Apt and fair usage of various software tools. Their relevance in the situation.
4) Fair usage of various effects, animations, links and other multimedia resources.

## III. Web Page Designing

1) Whether the  work matches the theme given for the web page. Language and style of presentation.
2) Proper and fair usage of variables, tags and other statements. Accuracy of syntax. Proper and readable presentation of the codes.
3) Fair and effective use of multimedia resources, links and other settings.
4) Design and total look of the web pages. Totality of implementation and its make up.

## IV. Malayalam Typing Competition

1) Speed and Accuracy

## V. IT Project

1) The relevance and genuineness of the IT project and integration with other subject(s).
2) Involvement in the implementation of the project.
3) Use of various IT tools for doing the project.
4) Use of IT for the dissemination of the findings of the project work